ഓപ്റ്റിക് ഫൈബർ കേബിൾ സ്ഥാപിക്കുന്നതിന് 15 വർഷം വരെ കാലാവധിക്ക് അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി വഴി 6000 പേർക്ക് നേരിട്ടും, ഏകദേശം അതിന്റെ മൂന്നിരട്ടി പേർക്ക് ഐ.റ്റി. സർവ്വീസ് മേഖലയിലും തൊഴിൽ ലഭ്യമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഇ) 'റൈറ്റ്സ് ഓഫ് വേ നയം' നടപ്പാക്കുന്നതിനായി ഐ.റ്റി സെക്രട്ടറി കൺവീനറായും പൊതുമരാമത്ത് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ (നഗര-ഗ്രാമ) വികസന വകുപ്പു സെക്രട്ടറിമാർ എന്നിവരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നയം കാര്യക്ഷമമായി നടപ്പാക്കുന്നതിനുവേണ്ടി നടപടിക്രമങ്ങൾ രൂപപ്പെടുത്തുക, അതിനുവേണ്ടി അവശ്യം വേണ്ട ക്ളിയറൻസുകൾ വേഗത്തിൽ നൽകാനുതകുന്ന ഒരു ഏകജാലക സംവിധാനമായി പ്രവർത്തിക്കുക തുടങ്ങിയ, നയം നടപ്പാക്കുന്നതിന് പൂർണ്ണ ഉത്തരവാദിത്തമുള്ള ഒന്നായിരിക്കും പ്രസ്തുത കമ്മിറ്റി. കൂടാതെ, സംരംഭകരിൽ നിന്നും ലഭിച്ചിട്ടുള്ള ഓഫറുകൾ/പദ്ധതി രേഖകൾ പരിശോധിച്ച്, സംസ്ഥാനത്തിന് ഏറ്റവും ലാഭകരവും, അനുയോജ്യമായ ഓഫറുകൾ കണ്ടുപിടിച്ച്, യുക്തമായ ശുപാർശകൾ സമർപ്പിക്കുന്നതിന് കമ്മിറ്റിക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ ലഭ്യമാകുന്ന ഉടനെ പരിശോധിച്ച് യുക്തമായ തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(എഫ്)ഉത്തരം (ബി) കാണുക.

17 (*16) ഭരണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടി

ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. പി.ടി.കുഞ്ഞിമുഹമ്മദ് :
ശ്രീ. എം.എ.തോമസ് :
ശ്രീ. സി.കെ.ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി രൂപീകരിച്ചിട്ടുള്ള കേരള ഭരണ പരിഷ്ക്കാര കമ്മിറ്റി ഇതിനകം എത്ര റിപ്പോർട്ടുകളാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഭരണപരിഷ്ക്കാര കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ ഏതെല്ലാം ശുപാർശകളാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഏതെല്ലാം ശുപാർശകൾ അംഗീകരിച്ചുകൊണ്ടാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) ഭരണപരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) സംസ്ഥാനത്തെ ഭരണസംവിധാനം കാര്യക്ഷമമാക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി ഒരു ഭരണപരിഷ്ക്കാര കമ്മിറ്റി രൂപീകരിച്ചു. ആ കമ്മിറ്റി ഇതുവരെ സമർപ്പിച്ച റിപ്പോർട്ടുകളിൽ 5 എണ്ണം മന്ത്രിസഭാ ഉപസമിതിയുടെ ഭേദഗതിയോടെ അംഗീകരിച്ചു. ബാക്കി 3 എണ്ണം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(ബി) എട്ട് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) ഭരണപരിഷ്ക്കാര കമ്മിറ്റി സമർപ്പിച്ച അഞ്ചു റിപ്പോർട്ടുകളിലെ താഴെ പറയുന്ന ശുപാർശകളാണ് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

I. ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകൾ

(1) പൗരാവകാശ പത്രിക.
(2) സുതാര്യതയും അറിയുവാനുള്ള അവകാശവും.
(3) പൊതുജന പരാതിപരിഹാരം.
(4) അധികാര വികേന്ദ്രീകരണവും ഭരണ പരിഷ്ക്കാരവും.
(5) മോണിറ്ററിംഗ്.

II. രണ്ടാമത് റിപ്പോർട്ടുകളിലെ ശുപാർശകൾ

(1) ഹാജർ നിരീക്ഷണ കേന്ദ്രം

III. മൂന്നാമത് റിപ്പോർട്ടുകളിലെ ശുപാർശകൾ
(ധനകാര്യ പരിഷ്ക്കരണം സംബന്ധിച്ച്)

(1) ധനപരമായ പരിഷ്ക്കാരങ്ങൾ
(2) ഭരണ വകുപ്പിന്റെയും വകുപ്പു തലവന്മാരുടേയും അധികാരം വർദ്ധിപ്പിക്കുക.
(3) സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക.

V. നാലാമത് റിപ്പോർട്ടുകളിലെ ശുപാർശകൾ
(പേഴ്സണൽ റിഫോംസ് ഭാഗം - I)

(1) ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കൽ
(2) കഴിവു മെച്ചപ്പെടുത്തൽ
(3) നിയമന സ്ഥാന നിർണ്ണയം
(4) അച്ചടക്കം

IV. അഞ്ചാമത് റിപ്പോർട്ടുകളിലെ ശുപാർശകൾ

(1) ഗസറ്റഡ് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും മറ്റു ബന്ധപ്പെട്ട കാര്യങ്ങളും – നടപടിക്രമം ലഘൂകരിക്കുന്നത് സംബന്ധിച്ച്.

(ഡി) മുകളിൽ 'സി' പിരിവിൽ പറയുന്ന ശുപാർശകൾ അംഗീകരിച്ച് കൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചു.

(ഇ) ഭരണ പരിഷ്ക്കാര കമ്മിറ്റിയുടെ റിപ്പോർട്ടുകൾ സർക്കാർ പരിഗണിക്കുകയും വിശദമായ പരിശോധനയ്ക്ക്, മന്ത്രിസഭാ ഉപസമിതിയേയും, സെക്രട്ടറിമാരുടെ സമിതിയേയും ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

2/89/05/S.M.T.

LIBRARY ARCHIVES Kerala Legislative Assembly

മിക്കവാറും എല്ലാ ശുപാർശകളും മന്ത്രിസഭാ ഉപസമിതിയുടെ ചില ഭേദഗതികളുടെ എല്ലാ ശുപാർശകളും മന്ത്രിസഭാ ഉപസമിതിയുടെ ചില ഭേദഗതികളോടെ ഗവൺമെന്റ് അംഗീകരിച്ചു ഇത് സംബന്ധിച്ച് ഉത്തരവുകൾ പുറപ്പെടുവിച്ചു നടപ്പിലാക്കിവരുന്നു.

18 (*17) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച്

ശ്രീ. എഴുകോൺ നാരായണൻ :

ശ്രീ. തമ്പാനൂർ രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ബി) തലസ്ഥാനത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിച്ചുകിട്ടുന്നതിനായി സംസ്ഥാനത്ത് ഗവൺമെന്റ് എന്തെല്ലാം നടപടിയെടുത്തു;

(സി) ഈ കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നു എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ.നായനാർ) :

(എ) തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കണമെന്നഭ്യർത്ഥിച്ച് 1958-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനയച്ചിട്ടുണ്ട്. 1971-ലും 1996-ലും ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിന് കത്തയയ്ക്കുകയുണ്ടായി.

(ബി, സി) കേന്ദ്ര നിയമ മന്ത്രിയിൽ നിന്നും സംസ്ഥാന സർക്കാരിന് ലഭിച്ച കത്തിൽ ആവശ്യപ്പെട്ട പ്രകാരം തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതു സംബന്ധിച്ച് ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. മറുപടി ലഭിച്ചാൽ തുടർനടപടികൾ ആലോചിക്കുന്നതാണ്.

19 (*18) മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടി

ശ്രീ. കെ.ടി.കുഞ്ഞിമുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) സാധാരണ ജനങ്ങൾക്ക് മെഡിക്കൽ കോളേജുകളിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിയ്ക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി.കബീർ) :

LIBRARY ARCHIVES Kerala Legislative Assembly